# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:07.08.2025**

### പ്രധാനവാർത്തകൾ

1. ബിഹാറിലെ വോട്ടർ പട്ടിക പരിഷ്കരണം ഉൾപ്പടെയുള്ള വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.
2. കർഷക ക്ഷേമത്തിനാണ് പ്രഥമ പരിഗണനയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിന് പ്രതിജ്ഞാബദ്ധമെന്നും പ്രധാനമന്ത്രി.
3. സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിൻറെ കരട് വോട്ടർപട്ടിക പുതുക്കുന്നത് ഈ മാസം 12 വരെ നീട്ടി.
4. മത്സ്യതൊഴിലാളികൾക്ക് സുരക്ഷിത ഭവനം ഉറപ്പാക്കുകയാണ് പുനർഗേഹം പദ്ധതിയുടെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
5. കെ എസ് ഇ ബി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമായി.
6. സംസ്ഥാനത്ത് ചില ഇടങ്ങളിൽ ഇന്നും നാളെയും ഒറ്റപ്പെട്ട വ്യാപക മഴയ്ക്ക് സാധ്യത. കേരള തീരത്തിനടുത്ത് കടലിൽ നിറവ്യത്യാസം കണ്ടതിൽ ആശങ്ക വേണ്ടെന്ന് അധികൃതർ.

RNU TVPM

&&&&&&&&&&&&&&&&&&

## ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ് വിജ്ഞാപനം

17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു. ഈ മാസം 21 വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. സെപ്റ്റംബർ 9 നാണ് തിരഞ്ഞെടുപ്പും വോട്ടെണ്ണലും. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന ഈ മാസം 22 ന് നടക്കും. ഈ മാസം 25 ആണ് പത്രിക പിൻവലിക്കാനുള്ള അവസാന തീയതി.

&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി സമ്മേളനം

കർഷക ക്ഷേമത്തിനാണ് സർക്കാർ പ്രഥമ പരിഗണന നൽകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. എം.എസ്. സ്വാമിനാഥന്റെ ജന്മശതാബ്ദി ആഘോഷവുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിന് പ്രജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. കർഷകരുടെ താൽപര്യം സംരക്ഷിക്കുന്നതിൽ വിട്ടുവീഴ്ചയില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

RNU TVPM

&&&&&&&&&&&&&&&&&&

## പാർലമെൻറ്

ബിഹാറിലെ വോട്ടർ പട്ടിക പരിഷ്കരണം ഉൾപ്പടെയുള്ള വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ലോക്സഭ ആദ്യം 12 മണിവരേയും പിന്നീട് ഉച്ചയ്ക്ക് 2 മണി വരെയും നിർത്തിവെച്ചിരുന്നു. ബഹളം തുടർന്നതോടെ ഇന്നത്തേക്ക് പിരിയുകയായിരുന്നു. രാജ്യസഭയിലും സമാനമായ രംഗങ്ങൾ അരങ്ങേറി.

&&&&&&&&&&&&&&&&&&

## വോട്ടർ പട്ടിക

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിൻറെ കരട് വോട്ടർപട്ടിക പുതുക്കുന്നതിനുള്ള തീയതി ഈ മാസം 12 വരെ നീട്ടി. സമയ പരിധി ഇന്ന് അവസാനിക്കാനിരിക്കെയാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻറെ തീരുമാനം. ഈ മാസം 30 ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കും. തിരഞ്ഞെടുപ്പ് കമ്മീഷന്റെ sec.kerala.gov.in വെബ് സൈറ്റിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. വോട്ടർപട്ടിക പുതുക്കലുമായി ബന്ധപ്പെട്ട് ഈ മാസം 9,10 തീയതികൾ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും പ്രവൃത്തി ദിവസമായിരിക്കും.

&&&&&&&&&&&&&&&&&&

## പുനർഗേഹം -മുഖ്യമന്ത്രി (ഇൻട്രോ)

കടലാക്രമണ ഭീഷണി നേരിടുന്ന മേഖലകളിലെ മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിത ഭവനം ഉറപ്പാക്കുകയാണ് പുനർഗേഹം പദ്ധതിയുടെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഫിഷറീസ് വകുപ്പിൻറെ പുനർഗേഹം പദ്ധതിയിലൂടെ തിരുവനന്തപുരം മുട്ടത്തറയിൽ നിർമിച്ച 332 ഫ്ലാറ്റുകളുടെ താക്കോൽ ദാനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്)

ഫ്ലാറ്റുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## ഔദ്യോഗിക ഭാഷ സമിതി

ദുരന്തനിവാരണം, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഉൾപ്പെടെ എല്ലാ രേഖകളും മലയാളത്തിൽ തന്നെയായിരിക്കണമെന്ന് ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര ഔദ്യോഗിക ഭാഷ വകുപ്പ് ഉത്തരവിറക്കി. ഔദ്യോഗിക

RNU TVPM

ഭാഷ സമിതിയുടെ നിർദ്ദേശത്തിൻറെ അടിസ്ഥാനത്തിലാണ് നടപടി.

&&&&&&&&&&&&&&&&&&

## ഹരിത ഓണം

ഇത്തവണത്തെ ഓണാഘോഷങ്ങളിൽ പൂർണമായും ഹരിത പ്രോട്ടോക്കോൾ ഉറപ്പാക്കാൻ തദ്ദേശസ്ഥാപനങ്ങൾക്കും മറ്റ് ഏജൻസികൾക്കും നിർദേശം നല്കി സംസ്ഥാന സർക്കാർ.
പൂക്കൾ, കൊടിതോരണങ്ങൾ, പ്ലാസ്റ്റിക് ഇല, പ്ലേറ്റ്, കപ്പുകൾ തുടങ്ങി നിരോധിത പ്ലാസ്റ്റിക് ഉപയോഗം പൂർണമായി ഒഴിവാക്കാനാണ് നിർദേശം. ഹരിത ചട്ടങ്ങൾ പാലിച്ച് ഓണാഘോഷം സംഘടിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് പുരസ്കാരവും നൽകും.

&&&&&&&&&&&&&&&&&&

## ഇടുക്കി മൂന്നാർ ചൊക്രമുടി

ഇടുക്കി മൂന്നാർ ചൊക്രമുടി കയ്യേറ്റ വിഷയത്തിൽ നടപടിയുമായി വീണ്ടും റവന്യൂ വകുപ്പ്. ഒരു അനധികൃത പട്ടയം കൂടി ദേവികുളം സബ് കളക്ടർ റദ്ദാക്കി.
പട്ടയത്തിൽ പറഞ്ഞിരിക്കുന്ന സർവ്വേ നമ്പറും എൽ എ നമ്പറും വ്യാജമാണെന്ന് കണ്ടെത്തിയതോടെ നടപടി.
ഇതോടെ ചൊക്രമുടിയിൽ റദ്ദ് ചെയ്ത പട്ടയങ്ങളുടെ എണ്ണം അഞ്ചായി.

&&&&&&&&&&&&&&&&&&

## സ്മാർട്ട് മീറ്റർ

കെ എസ് ഇ ബി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമായി. തിരുവനന്തപുരം പുത്തൻചന്ത സെക്ഷൻ പരിധിയിലുള്ള രണ്ട് സർക്കാർ കണക്ഷനുകളിലും ,കളമശേരി 220 കെ വി സബ്സ്റ്റേഷനിലെ ഏഴ് ഫീഡർ മീറ്ററുകളിലുമാണ് പരീക്ഷണാടിസ്ഥാനത്തിൽ സ്മാർട് മീറ്റർ സ്ഥാപിച്ചത്.

&&&&&&&&&&&&&&&&&&

RNU TVPM

## കൈത്തറി ദിനം - പി രാജീവ്

അമേരിക്ക ഏർപ്പെടുത്തിയ തീരുവ വർധനയ്ക്കെതിരെ ആഭ്യന്തര വിപണി ശക്തിപ്പെടുത്തി പ്രതിഷേധിക്കണമെന്ന് മന്ത്രി പി. രാജീവ്. ദേശീയ കൈത്തറി ദിനാഘോഷത്തിൻറെ ഭാഗമായി സംഘടിപ്പിച്ച സംസ്ഥാനതല പരിപാടികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വ്യവസായ വാണിജ്യ വകുപ്പിനു കീഴിലുള്ള കൈത്തറി-ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റും തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രവും ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്.

&&&&&&&&&&&&&&&&&&

## ഡോക്ടർമാർക്കെതിരായ നടപടി

അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്ന ആരോഗ്യ വകുപ്പിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്ത 444 ഡോക്ടർമാർക്കെതിരേയും പ്രൊബേഷൻ ഡിക്ലയർ ചെയ്ത 157 ഡോക്ടർമാർക്കെതിരേയും നടപടി സ്വീകരിച്ചു വരുകയാണെന്ന് മന്ത്രി വീണാ ജോർജ്. ഇത്തരത്തിൽ ചട്ടലംഘനം നടത്തിയ 84 ഡോക്ടർമാരെ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പിരിച്ചു വിട്ടതായും മന്ത്രി അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

## ആർ ആൻഡ് ഡി

പ്രളയം, കോവിഡ് തുടങ്ങിയ വെല്ലുവിളികളെ നേരിടാൻ സംസ്ഥാനത്തിൻറെ ശാസ്ത്ര സാങ്കേതിക മേഖല നിർണായക പങ്ക് വഹിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ R & D സമ്മിറ്റ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ളവയിൽ മികച്ച മുന്നേറ്റം നേടാൻ സാങ്കേതിക വിദ്യ ഏറെ സഹായകമായെന്ന് മുഖ്യമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## മഴ

സംസ്ഥാനത്ത് ചില ഇടങ്ങളിൽ ഒറ്റപ്പെട്ട വ്യാപക മഴയ്ക്ക് സാധ്യത. ഇടുക്കി, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ മഞ്ഞ ജാഗ്രത 6 ജില്ലകളിലാണ്.

&&&&&&&&&&&&&&&&&&

## കടൽ തീരത്ത് നിറവ്യത്യാസം (ഇൻട്രോ )

കേരള തീരത്തോട് ചേർന്ന് കടലിൻറെ ചില ഭാഗങ്ങളിൽ കണ്ട നിറവ്യത്യാസത്തിൽ ആശങ്ക വേണ്ടെന്ന് അധികൃതർ. റെഡ് ടൈഡ് എന്ന പ്രകൃതി ദത്തമായ സംഭവമാണ് ഇതിനു പിന്നിലെന്ന് കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല അറിയിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ എം .സ്മിതി..**

**(വോയിസ്)**

RNU TVPM

&&&&&&&&&&&&&&&&&&

## പ്രശ്നോത്തരി മത്സരം

ദേശസ്നേഹം വളർത്തുന്നതിനും ദേശീയ പതാകയെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കുന്നതും ലക്ഷ്യമിട്ട്, കേന്ദ്ര യുവജനകാര്യ, കായിക മന്ത്രാലയത്തിന് കീഴിലുള്ള മേരാ യുവ ഭാരത് പ്രശ്നോത്തരി മത്സരം സംഘടിപ്പിക്കും. MYBharat പോർട്ടൽ വഴി നടക്കുന്ന ഓൺലൈൻ പ്രശ്നോത്തരിയിൽ ആദ്യം എത്തുന്ന 25 പേർക്ക് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യയോടൊപ്പം സിയാച്ചിൻ സന്ദർശിക്കാനുള്ള അവസരം ലഭിക്കും.

&&&&&&&&&&&&&&&&&&

## ഗ്ലോബൽ വാട്ടർ വണ്ടർലാൻഡ്- (ഇൻട്രോ)

ആലപ്പുഴയെ ലോകനിലവാരത്തിലുള്ള ജല വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുന്നതിനുള്ള ഗ്ലോബൽ വാട്ടർ വണ്ടർലാൻഡ് പദ്ധതിക്ക് തുടക്കമാകുന്നു.

**ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ തയ്യാറാക്കിയ റിപ്പോർട്ട്....**

&&&&&&&&&&&&&&&&&&

**കോഴിക്കോട് ചലച്ചിത്രമേള**

സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ മേഖലാ രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ കോഴിക്കോട് തിരിതെളിയും.
കെ ആർ നാരായണൻ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻറ് ആർട്സ് ചെയർപേഴ്സൺ സയ്യിദ് മിർസ ഉദ്ഘാടനം ചെയ്യും. മുഹമ്മദ് റസൂലോഫ് സംവിധാനം ചെയ്ത് ദ സീഡ് ഓഫ് ദ സേക്രഡ് ഫിഗ് ആണ് ഉദ്ഘാടന ചിത്രം.

&&&&&&&&&&&&&&&&&&

**ഹരിതകർമസേന -ഗാനം (ഇൻട്രോ)**

ഹരിതകർമസേനയെ പ്രമേയമാക്കി വീഡിയോ ഗാനം പുറത്തിറക്കി വയനാട്ടിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്.
നിലാവെളിച്ചം എന്ന പേരിലാണ് നാലര മിനിറ്റോളം ദൈർഘ്യമുള്ള ഗാനം പുറത്തിറക്കിയത്.
**ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ് തയ്യാറാക്കിയ റിപ്പോർട്ട്.....**

(വോയിസ്)

&&&&&&&&&&&&&&&&&&

**നടി ശ്വേത മേനോൻ**

നടി ശ്വേത മേനോന് എതിരായ കേസിൻറെ തുടർ നടപടികൾ ഹൈക്കോടതി സ്റ്റേ ചെയ്തു. കേസിനെ പറ്റി കൂടുതൽ പരാമർശങ്ങൾ നടത്തുന്നില്ലെന്നും എറണാകുളം സി.ജെ.എമ്മിനോട് കോടതി റിപ്പോർട്ട് തേടിയിട്ടുണ്ടെന്നും ഹൈക്കോടതി അറിയിച്ചു. അശ്ലീല സിനിമാരംഗങ്ങളിൽ അഭിനയിച്ച് പണം സമ്പാദിച്ചെന്നാണ് ശ്വേത മേനോനെതിരെയുള്ള കേസ്.

&&&&&&&&&&&&&&&&&&

RNU TVPM

## ഓപ്പറേഷൻ ഡി -ഹണ്ട്

ഓപ്പറേഷൻ ഡി-ഹണ്ടിൻ്റെ ഭാഗമായി സംസ്ഥാനവ്യാപകമായി നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ 80 പേർ കൂടി അറസ്റ്റിലായി. 1,780 പേരെ പരിശോധനയ്ക്ക് വിധേയമാക്കി. 75 കേസുകൾ കൂടി രജിസ്റ്റർ ചെയ്തു.

&&&&&&&&&&&&&&&&&&&

## സി ബി എസ് ഇ

ഈ അധ്യയന വർഷം മുതൽ 10 ,12 ക്ലാസ്സുകളിൽ 75 % ഹാജരില്ലാത്തവരെ ബോർഡ് പരീക്ഷ എഴുതാൻ അനുവദിക്കില്ലെന്ന് സി ബി എസ് ഇ അറിയിച്ചു. രേഖാമൂലമുള്ള അഭ്യർത്ഥനയില്ലാതെ അവധി എടുക്കുന്നത് സ്കൂളിൽ നിന്ന് അനധികൃതമായി ഹാജരാകാത്തതായി കണക്കാക്കുമെന്നും അത്തരം വിദ്യാർത്ഥികളെ ബോർഡ് പരീക്ഷയിൽ എഴുതാൻ അനുവദിക്കില്ലെന്നും സിബിഎസ്ഇ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

RNU TVPM